# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** ചോദ്യം നം.879 11.03.2015-ൽ മറുപടിക്ക്

**മാവേലിക്കര, കറത്തിക്കാട് കുടിവെള്ള പദ്ധതി**

| ചോദ്യം<br>**ശ്രീ.ആർ. രാജേഷ് :** | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ) | മാവേലിക്കര മണ്ഡലത്തിലെ കറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ; കറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടിസ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | എ) ഈ പദ്ധതി യുടെ പ്രധാന തടസ്സം കല്ലുമല റെയിൽ വേ ലെവൽ ക്രോസിലൂടെയുള്ള പൈപ്പിടൽ ജോലിയാണ് . ആയതിന് റെയിൽ വേ അനുവാദം നേരത്തെ തന്നെ നൽകിയിരുന്നതാണ്. എന്നാൽ ടി ലെവൽ ക്രോസ്സിൽ റെയിൽ വേ ഒരു സബ് വേ പണിയുവാൻ തീരുമാനിച്ചിരിക്കുന്നതിനാൽ മുൻപ് നൽകിയ അനുമതി താൽക്കാലികമായി റദ്ദ് ചെയ്തിരിക്കുകയാണ്. സബ് വേ പണി തീരുവാൻ 2 വർഷം സമയം എടുക്കുമെന്നാണ് റെയിൽ വേ യിൽ നിന്നും അറിയുവാൻ കഴിഞ്ഞത്. ആയതിനാൽ റദ്ദ് ചെയ്ത അനുമതി പുന:പരിശോധിക്കാമെന്ന് റെയിൽ വേ യിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| ബി) | നൂറനാട് പാറ്റൂർ കുടി വെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; നിലവിലെ ഇതിന്റെ തടസ്സം എന്താണെന്ന് വിശദമാക്കുമോ; പദ്ധതി പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഈ പദ്ധതിയുടെ നിലവിലുള്ള റോ വാട്ടർ പമ്പ് ഹൗസ് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും റൂഫ് സ്ലാബ് ചോർന്നൊലിക്കുകയും കോൺക്രീറ്റ് പൊട്ടി ഇളകി വീഴുകയും ചെയ്യുന്ന നിലയിലാണ്. ആയതിനാൽ പമ്പ് ഹൗസ് പുനർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ അവസാന തീയതി 16.03.2015 ആണ്. ശുദ്ധീകരണശാലയുടെ ചുറ്റുമതിൽ പണിയുന്നതിന് 15.00 ലക്ഷം രൂപയുടെയും ജലശുദ്ധീകരണ ശാലയിൽ 130 എച്ച്.പി. ശേഷിയുള്ള രണ്ട് സെൻട്രി ഫ്യൂഗൽ പമ്പ് സെറ്റിനുള്ള 21.20 ലക്ഷം രൂപയുടെയും ഒരു സബ് സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ് ഫോർമർ സ്ഥാപിക്കുന്നതിന് വേണ്ടി |

42 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ സർക്കിൾ ഓഫീസിൽ തയ്യാറാക്കി വരുന്നു. ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആറു മാസം കൊണ്ട് പണി പൂർത്തീകരിക്കാവുന്നതാണ്.

| | | |
|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു:<br>1. കറത്തിക്കാട് പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള ഭരണിക്കാവിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല പദ്ധതിക്കായി അനുവദിച്ച തുക 1323.74 ലക്ഷം രൂപയാണ്.<br>2. നൂറനാടും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലപദ്ധതിക്ക് അനുവദിച്ച തുക 794.03 ലക്ഷ രൂപ. |

സെക്ഷൻ ഓഫീസർ